പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 432 27.06.2014- ൽ മറുപടിക്ക്

## അനാഥാലയങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എം.എ ബേബി<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അനാഥാലയങ്ങൾ ഏത് നിയമത്തിൻ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് അനാഥാലയങ്ങൾ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, (സൂപ്പർ വിഷൻ ആന്റ് കൺട്രോൾ) ആക്ട് 1960 എന്ന നിയമത്തിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. |
| (ബി) | അനാഥാലയങ്ങളുടെ രജിസ്ട്രേഷൻ ജുവൈനൽ ജസ്റ്റിസ് ആക്ട് പ്രകാരമായിരിക്കണമെന്ന നിഷ്കർഷ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പിൻവലിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ഇല്ല. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് 11/2/2010ൽ G.O.(MS)No.12/2010/SWD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പഷ്ടീകരണത്തിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം ചൈൽഡ് ഇൻ നീഡ് ഓഫ് കെയർ & പ്രൊട്ടക്ഷനിൽപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ മാത്രം ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്താൽ മതിയെന്നും മറ്റ് കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, (സൂപ്പർ വിഷൻ ആന്റ് കൺട്രോൾ) ആക്ട് പ്രകാരം രജിസ്ട്രേഷൻ ഉള്ള പക്ഷം പുനർ രജിസ്ട്രേഷൻ ആവശ്യമില്ല എന്നുള്ള സ്പഷ്ടീകരണം നല്കിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനാഥാലങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നത് വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂട്ട് |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പാടുള്ളൂ എന്നും അപ്രകാരം സർട്ടിഫിക്കറ്റ് ഇല്ലാത്ത കുട്ടികളെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ഹാജരാക്കണം എന്ന് നിർദേശിച്ച് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 1.2.2011 ലെ സർക്കുലർ നമ്പർ ജി2/47510/2010 എല്ലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ അനാഥാലയങ്ങളെ ജുവൈനൽ ജസ്റ്റിസ് ആക്ടിൻ കീഴിൽ കൊണ്ടുവരുന്നതിന് സർക്കാരിന് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ശുപാർശ ചെയ്തിട്ടുണ്ടോ; ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | തീരുമാനം കൈക്കൊണ്ടിട്ടില്ല. വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ